# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/213/2017 2017 ഒക്ടോബർ 13

## പത്രക്കുറിപ്പ്

**എം.ജി.യിൽ നാക് ടീം സന്ദർശനം ഇന്ന് (ഒക്ടോബർ 14) പൂർത്തിയാകും**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ നാക് അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട പരിശോധനയ്ക്കായി പോണ്ടിച്ചേരി യൂണിവേഴ്സിറ്റിയുടെ മുൻ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) അനിൽ കെ. ഭട്നഗർ ചെയർമാനായ ഏഴംഗ സമിതിയുടെ പരിശോധനകൾ ഇന്ന് പൂർത്തിയാകും. പ്രൊഫ. എ.വി. പ്രസാദറാവു (മുൻ റെക്ടർ, ആന്ധ്ര യൂണിവേഴ്സിറ്റി), പ്രൊഫ. എസ്.സി. ബാഗിരി (മുൻ വൈസ് ചാൻസലർ, ഡെറാഡൂൺ ഹിമഗിരി സി യൂണിവേഴ്സിറ്റി), പ്രൊഫ. കനിക ശർമ്മ (ഉദയപൂർ എം.എൽ.എസ്. യൂണിവേഴ്സിറ്റി), പ്രൊഫ. സഞ്ജുക്ത ഭട്ടാചാര്യ (ജദവ്പൂർ യൂണിവേഴ്സിറ്റി റിട്ട. പ്രൊഫസർ), പ്രൊഫ. വിനീത സിംഗ് (വാരണാസി സമ്പൂർണ്ണാനന്ദ് സംസ്കൃത വിശ്വവിദ്യാലയം), ഡോ. വന്ദന ചക്രവർത്തി (ഡയറക്ടർ, എസ്.എൻ.ഡി.റ്റി. വിമൻസ് യൂണിവേഴ്സിറ്റി) എന്നിവരാണ് മറ്റ് അംഗങ്ങൾ.

സർവ്വകലാശാലയുടെ വിവിധ മേഖലകളിലെ മികവ് വിലയിരുത്തി ഗ്രേഡ് നൽകുന്നതിനാണ് നാക് ടീം അംഗങ്ങൾ സർവ്വകലാശാല സന്ദർശിക്കുന്നത്. സർവ്വകലാശാലയുടെ അക്കാദമിക ഗവേഷണ മേഖലയിലെ കഴിഞ്ഞ അഞ്ചു വർഷത്തെ പ്രവർത്തനത്തെയാണ് സംഘം വിലയിരുത്തുക. ഫാക്കൽട്ടി അംഗങ്ങൾ, വിദ്യാർത്ഥികൾ, ഉന്നത ഉദ്യോഗസ്ഥർ, സ്റ്റാഫ് അംഗങ്ങൾ തുടങ്ങിയവരുമായി സംഘം ആശയവിനിമയം നടത്തുകയും, പഠനവകുപ്പുകൾ നേരിട്ട് സന്ദർശിച്ചു വിലയിരുത്തുകയും ചെയ്തുവരികയാണ്. 2010ലാണ് എം.ജി.യിൽ മുൻ നാക് സന്ദർശനം നടന്നത്.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സന്ദർശനം നടത്തുന്ന നാക് ടീം അംഗങ്ങൾ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യനുമായി ചർച്ചകൾ നടത്തുന്നു**

**പരീക്ഷ മാറ്റി**

മഹാത്മാഗാന്ധി സർവ്വകലാശാല ഒക്ടോബർ 16ന് നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

**പ്രാക്ടിക്കൽ**

2017 സെപ്തംബർ/ഒക്ടോബർ മാസങ്ങളിലായി നടന്ന രണ്ടാം സെമസ്റ്റർ ബി.വോക് ലോജിസ്റ്റിക് മാനേജ്മെന്റ് പരീക്ഷയുടെ - കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് ലാബ് - പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 17ന് രാവിലെ 9.30ന് മാറമ്പള്ളി എം.ഇ.എസ് കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാ തീയതി**

ഒന്നും രണ്ടും സെമസ്റ്റർ ബി.എ. /ബി.കോം. (പ്രൈവറ്റ് രജിസ്ട്രേഷൻ, സി.ബി.സി.എസ്.എസ്. റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഒക്ടോബർ/നവംബർ - 2017 പരീക്ഷകൾ ഒക്ടോബർ 31ന് ആരംഭിക്കും.

നാലാം സെമസ്റ്റർ ബി.വോക് (2015 അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 27ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഒക്ടോബർ 17 വരെയും 50 രൂപ പിഴയോടെ 19 വരെയും 500 രൂപ സൂപ്പർഫൈനോടെ 21 വരെയും സ്വീകരിക്കും. ഇന്റേണൽ മാർക്കുകൾ പരീക്ഷ ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ അപ്‌ലോഡ് ചെയ്യാത്ത കോളേജുകളിൽ നിന്നും സർവ്വകലാശാലാ ഉത്തരവ് അനുസരിച്ചുള്ള പിഴ ഈടാക്കുന്നതാണ്.

**ബി.കോം പുനർമൂല്യനിർണ്ണയ ഫലം**

2017 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ ബി.കോം, ഏപ്രിൽ മാസത്തിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.കോം സപ്ലിമെന്ററി (സി.ബി.സി.എസ്.എസ്.) എന്നീ പരീക്ഷകളുടെ പുനർമൂല്യനിർണ്ണയഫലം പ്രസിദ്ധപ്പെടുത്തി. മാർക്ക് വ്യത്യാസമുള്ളവർ മെമ്മോ സർവ്വകലാശാലാ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ബന്ധപ്പെട്ട സി.ബി.സി.എസ്.എസ്. ടാബുലേഷൻ സെക്ഷനിൽ സമർപ്പിക്കണം.

**പരീക്ഷാഫലം**

2017 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം വർഷ ബി.എസ്.സി. മെഡിക്കൽ ലബോറട്ടറി ടെക്നോളജി സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 27 വരെ അപേക്ഷിക്കാം.

2017 ജനുവരിയിൽ മാല്യങ്കര എസ്.എൻ.എം. കോളേജിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (സി.എസ്.എസ്. റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 23 വരെ അപേക്ഷിക്കാം.

2017 മാർച്ചിൽ നടത്തിയ ഒന്നും, മെയ് മാസത്തിൽ നടത്തിയ മൂന്നും, ജൂണിൽ നടത്തിയ നാലും വർഷ ബി.പി.റ്റി. സപ്ലിമെന്ററി ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 26 വരെ അപേക്ഷിക്കാം.

2017 ഏപ്രിൽ/മെയ് മാസത്തിൽ നടന്ന അഞ്ചും ആറും സെമസ്റ്റർ ബി.റ്റി.എസ്. (ഓഫ് കാമ്പസ്, സി.ബി.സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 25 വരെ അപേക്ഷിക്കാം.

2017 ഏപ്രിൽ/മെയ് മാസത്തിൽ നടന്ന അഞ്ച്, ആറ് സെമസ്റ്റർ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് (ഓഫ് കാമ്പസ്, സി.ബി.സി.എസ്.എസ്., റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 26 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**